(സി) സംസ്ഥാനത്തെ വൈദ്യുതി ഉൾപ്പെടെയുള്ള എല്ലാ മേഖലകളേയും സംബന്ധിച്ച പ്രശ്നങ്ങൾ മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും ധനകാര്യ കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(1891) 33 കെ.വി. ലൈൻ ശൃംഖല

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഒട്ടുക്ക് 33 കെ.വി.ലൈൻ ശൃംഖല ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ വൈദ്യുതി പ്രസരണ വിതരണ രംഗത്ത് എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്)എങ്കിൽ എവിടെയെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി പ്രസരണ രംഗത്ത് കുറഞ്ഞ ചിലവിൽ മെച്ചപ്പെട്ട വോൾട്ടേജിലുള്ള വൈദ്യുതി ലഭ്യമാക്കുവാനും പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുവാനും സാധിക്കും.

(സി) ഉണ്ട്. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, കേരള പവർ ഫിനാൻസ് കോർപ്പറേഷൻ എന്നീ ഏജൻസികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.

1) തൊണ്ണൂറ്റി അഞ്ച് 33 കെ.വി. സബ്സ്റ്റേഷനുകളുടെയും ബന്ധപ്പെട്ട ഒൻപത് 110 കെ.വി. സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും പണികൾക്കായി ആർ.ഇ.സി.യിൽ നിന്ന് 456 കോടി രൂപ വായ്പയ്ക്കുള്ള കരാർ നിലവിലുണ്ട്.

2) ഏഴ് 33 കെ.വി. സബ്സ്റ്റേഷനുകളുടെയും ബന്ധപ്പെട്ട രണ്ട് 110 കെ.വി. സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും പണികൾക്കായി കേരള പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്ന് 41.6 കോടി രൂപ വായ്പയ്ക്കുള്ള കരാർ നിലവിലുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സബ്സ്റ്റേഷനുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly